**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3368** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഭവനരഹിതർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള നടപടി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഭവനരഹിതർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ നടപടി ഉപേക്ഷിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമിയിൽ പുതുക്കാട് മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർക്ക് പാർപ്പിട സൗകര്യമൊരുക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി തയ്യാറാക്കുന്നതിനും ആയതിന് ഭൂമി വിട്ടുനൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രസ്തുത ഭൂമിയിൽ കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായ EWS വിഭാഗത്തിൽപ്പെട്ടവർക്ക് ഫ്ലാറ്റ് നിർമ്മിച്ച് നല്കുന്ന സാഫല്യം എന്ന പദ്ധതിയാണ് ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ടി പദ്ധതിയിലെ ബാക്കി പണികൾ പൂർത്തിയാക്കി ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് നല്കുന്നതാണ്. ഗുണഭോക്താക്കളെ പഞ്ചായത്തും ഭവന നിർമ്മാണ ബോർഡും ഉൾപ്പെടുന്ന Beneficiary Selection Committee രൂപീകരിച്ചാണ് തെരഞ്ഞെടുക്കുന്നത്. പുതുക്കാട് മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ ഭൂരഹിതഭവന രഹിത ഗുണഭോക്താക്കൾക്ക് പാർപ്പിടം നിർമ്മിക്കാനുള്ള ഭൂമി വാങ്ങി നല്കി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷന്റെ കീഴിൽ നിലവിൽ നടത്തി വരുന്നുണ്ട്. |
| (സി) | മാട്ടുമലയിലെ ഫ്ലാറ്റ് നിർമ്മാണത്തിന് നേരത്തെ തെരഞ്ഞെടുത്ത 50 സെന്റ് ഭൂമിയും ബാക്കിയുള്ള 25 സെന്റോളം ഭൂമിയും ഇത്തരത്തിലുള്ള വലിയ ഒരു ഹൗസിംഗ് പ്രോജക്ടിന് പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഫ്ലാറ്റിന്റെ തുടർ നിർമ്മാണം നടത്തുമ്പോൾ ബാക്കിയുള്ള 25 സെന്റ് ഭൂമിയും കൂടി ടി ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതാ ണ്. |

സെക്ഷൻ ഓഫീസർ